**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4611** **29.6.2012-ൽ മറുപടിക്ക്**

**മാലിന്യ നിർമ്മാർജ്ജനത്തിനായി പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>,, വി. പി. സജീന്ദ്രൻ<br>,, പി. സി. വിഷ്ണുനാഥ്<br>,, വി.റ്റി. ബൽറാം | ശ്രീ.മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ കോർപ്പറേഷനുകളിലും നഗരങ്ങളിലും മാലിന്യ നിർമ്മാർജ്ജനത്തിനായി പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുവാനുള്ള പദ്ധതി കാര്യക്ഷമമായി നടക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;<br><br>ബി) ഇതിനായി എത്രകോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്; | എ) & ബി) ഉറവിട മാലിന്യ സംസ്ക്കരണ സംവിധാനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പൈപ്പ് കമ്പോസ്റ്റിംഗ് സംവിധാനം നടപ്പിലാക്കുന്നതിലേക്ക് കോർപ്പറേഷനുകളിലും, നഗരസഭകളിലും കൂടി 1117.12 ലക്ഷം രൂപ അടങ്കൽ വരുന്ന പദ്ധതികൾക്ക് അനുമതി നല്കിയിട്ടുണ്ട്. ഇതിന്റെ നടത്തിപ്പിലേക്കായി സർക്കാർ സാമ്പത്തിക സഹായമായി 558.54 ലക്ഷം രൂപ നഗരസഭകൾക്ക് 2011-12 സാമ്പത്തിക വർഷത്തിലെ പദ്ധതി വിഹിതത്തിൽ നിന്നും കൈമാറിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കേണ്ട ചുമതല ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കാണ്. |
| സി) പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്; | സി) ഉറവിട മാലിന്യ സംസ്ക്കരണത്തിന് സേവനം നൽകാൻ ഏജൻസികൾ 23 പേർ മാത്രമാണ് ഉണ്ടായിരുന്നത്. ഈ മേഖലയിൽ കൂടുതൽ ഏജൻസികളുടെ സേവനം ലഭ്യമാക്കുന്നത് ലക്ഷ്യമിട്ട് പൈപ്പ് കമ്പോസ്റ്റിംഗ് സംവിധാനം ഉൾപ്പെടെയുള്ള സംസക്കരണ യൂണിറ്റുകൾ നടപ്പിലാക്കുന്നതിലേക്ക് തദ്ദേശ സ്വയം ഭരണ വകുപ്പ് തെരഞ്ഞെടുത്തിട്ടുള്ള 83 സേവനദാതാക്കളും 3 അക്രഡിറ്റഡ് |

ഏജൻസികളും ഇപ്പോൾ നിലവിലുണ്ട്. നഗരസഭകൾക്ക് ഇവരിൽ നിന്നും ആരെയെങ്കിലും തെരഞ്ഞെടുത്ത് നിർവ്വഹണ ഉത്തരവാദിത്വം ഏല്പിക്കാവുന്നതാണ്.

| | | | |
|---|---|---|---|
| ഡി) | ഈ പദ്ധതിക്ക് എത്ര ശതമാനം സബ്സിഡിയാണ് സഹായമായി നൽകുന്നത്; | ഡി) | പൈപ്പ് കമ്പോസ്റ്റിംഗ് പദ്ധതിയുടെ യൂണിറ്റ് നിരക്കിന്റെ 50% തുക സർക്കാർ സബ്സിഡിയായും 25% തുക തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ സബ്സിഡിയായും 12-06-2012 ന് മുൻപ് നല്കി വന്നിരുന്നു. ആയത് യഥാക്രമം 75% വും 15% വും കൂട്ടിചേർത്ത് 90% സബ്സിഡി ആയി ഉയർത്തി സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. |
| ഇ) | പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിനായി മറ്റ് ഏജൻസികളെ ഏല്പിക്കുന്ന കാര്യം ആലോചിക്കുമോ; വിശദമാക്കുമോ? | ഇ) | പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാനായി മറ്റ് ഏജൻസികളെ ഏല്പിക്കണമോ എന്ന കാര്യം സർക്കാർ പരിശോധിക്കുകയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നൽകേണ്ട സബ്സിഡി തുക നൽകാൻ പദ്ധതി ഏറ്റെടുത്ത് നടത്താൻ തയ്യാറായി വരുന്ന സന്നദ്ധ സംഘടനകൾക്കും റെസിഡൻസ് അസോസിയേഷനുകൾക്കും സർക്കാർ അംഗീകൃത സേവനദാതാക്കളുടെ സേവനം തേടാവുന്നതാണെന്നും അങ്ങനെയുള്ള പദ്ധതിക്ക് ശുചിത്വ മിഷനിൽ നിന്നും സബ്സിഡി അനുവദിച്ച് നൽകാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |

സർക്കാർ ഓഫീസർ